# പതിനാലാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2352** — **05.02.2018-ൽ മറുപടിയ്ക്ക്**

## ഖനന സംബന്ധമായ പ്രശ്നങ്ങൾ മൂലം അടച്ച് പൂട്ടിയ പൊതുമേഖലാ സ്ഥാപനങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.എം.വിൻസെന്റ്** | **ശ്രീ.എ.സി.മൊയ്തീൻ (വ്യവസായവും കായികവും യുവജനകാര്യവും വകുപ്പ് മന്ത്രി)** |
| എ) ഖനന സംബന്ധമായ പ്രശ്നങ്ങൾ മൂലം സംസ്ഥാനത്തെ ഏതെങ്കിലും പൊതുമേഖലാ സ്ഥാപനം അടച്ച പൂട്ടിയിട്ടുണ്ടോ; | എ) കേരള ക്ലെയ്സ് & സിറാമിക്സ് പ്രൊഡക്ട്സ് ലിമിറ്റഡിന്റെ കരിന്തളം ലാറ്ററൈറ്റ് യൂണിറ്റ് 2015 ഫെബ്രുവരി 9 മുതൽ തദ്ദേശവാസികളുടെ എതിർപ്പ് മൂലം പ്രവർത്തന രഹിതമാണ്. കമ്പനിയുടെ പഴയങ്ങാടി ചൈനാക്ലേ യൂണിറ്റിന്റെ പ്രവർത്തനവും നിർത്തിവച്ചിരിക്കുകയാണ്. |
| ബി) എങ്കിൽ പ്രസ്തുത സ്ഥാപനങ്ങൾ വൈവിധ്യവൽക്കരിച്ച് തുറക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിനകം ഇപ്രകാരം തുറന്ന സ്ഥാപനങ്ങൾ ഏതൊക്കെയെന്ന് വ്യക്തമാക്കുമോ? | ബി) കേരള ക്ലെയ്സ് & സിറാമിക്സ് പ്രൊഡക്ട്സ് ലിമിറ്റഡ് വൈവിധ്യവൽക്കരണത്തിന്റെ ഭാഗമായി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന പദ്ധതിയുടെ പ്രോജക്ട് റിപ്പോർട്ട് സർക്കാരിന്റെ പരിഗണനക്കായി സമർപ്പിക്കുവാൻ ടി സ്ഥാപനം നടപടികൾ സ്വീകരിച്ചു വരുന്നു. |

**സെക്ഷൻ ഓഫീസർ**